## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :4293 — 13.12. 2018 ൽ മറുപടിക്ക്

# കെ.എസ്.ഇ.ബി. യിലെ മസ്ദൂർ തസ്തിക

ചോദ്യം

ശ്രീ.പി.കെ.ശശി

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി യിൽ മസ്ദൂർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണ് നിലവില്ലുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) കെ.എസ്.ഇ.ബി.ലിമിറ്റഡിൽ മസ്ദൂർ തസ്തികയിൽ 155 ഒഴിവുകളാണ് നിലവില്ലുള്ളത്. |
| (ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് അറിയിക്കാമോ; | (ബി) പാലക്കാട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ-ന്റെ ഉത്തരവ് അനുസരിച്ച് പെറ്റി കോൺട്രാക്ട് വർക്കേഴ്സിൽ നിന്നും '1486' പേരെ മസ്ദൂർ തസ്തികയിൽ നിയമിക്കേണ്ടതിന് നിലവിലുള്ള ഒഴിവുകൾ നീക്കിവെക്കപ്പെട്ടവയാകയാൽ പ്രസ്തുത ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. പെറ്റി കോൺട്രാക്ട് വർക്കേഴ്സിന്റെ നിയമനവുമായി ബന്ധപ്പെട്ട ലിസ്റ്റ് പി.എസ്.സി-യിൽ നിന്നും ലഭിയ്ക്കുന്ന മുറയ്ക്ക് ഒട്ടും വൈകാതെ തന്നെ 1486-പേരെ മസ്ദൂർ തസ്തികയിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. |
| (സി) മസ്ദൂർ തസ്തികയിൽ 1.1. 2016 മുതൽ പി.എസ്.സി.മുഖാന്തിരം ജോലിയിൽ പ്രവേശിച്ചവർ എത്രയാണ് എന്ന് അറിയിക്കാമോ? | (സി) കെ.എസ്.ഇ.ബി.ലിമിറ്റഡിൽ മസ്ദൂർ തസ്തികയിൽ 01.01.2016 മുതൽ നാളിതുവരെയായി പി.എസ്.സി മുഖാന്തിരം '2089' പേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ